നം.കെ.എസ്.എ.-കെ.ടി.എം.പി7-1337/2017 തീയതി : 17.08.2017

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2016 മുതൽ 30.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 11.08.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	04.08.2017 മുതൽ 11.08.2017 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ പ്രസാദ് പി. ജി.	ഓഡിറ്റ് ഓഫീസർ
	ശ്രീ രഞ്ജിത്ത് എം.	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ ശിവരാജ് പി	ഓഡിറ്റർ

(ബി) നിർവഹണാധികാരികൾ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
പ്രസിഡന്റ്	ശ്രീ റെനി ബിജോയി	01.04.2016 മുതൽ 31.03.2017 വരെ
സെക്രട്ടറി	ശ്രീ പി. വി. തോമസ്കുട്ടി	01.04.2016 മുതൽ 31.03.2017 വരെ

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ ബാബു കെ. പി.	01.04.2016 മുതൽ 30.04.2016 വരെ
	തസ്തിക ഒഴിവ്	01.05.2016 മുതൽ 31.07.2016 വരെ
	ശ്രീ എം. സി. ജോസഫ്	01.08.2016 മുതൽ 31.03.2017 വരെ
കൃഷി ഓഫീസർ	ശ്രീ അബ്രഹാം സെബാസ്റ്റ്യൻ	01.04.2016 മുതൽ 31.03.2017 വരെ
ഹെഡ്മാസ്റ്റർ	ശ്രീ ജോർജ് തോമസ്	01.04.2016 മുതൽ 31.03.2017 വരെ
വെറ്ററിനറി സർജൻ	ഡോ. സുധീർ പി. എസ്.	01.04.2016 മുതൽ 31.03.2017 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീ ലിബീഷ് മാത്യു	01.04.2016 മുതൽ 31.03.2017 വരെ
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	ശ്രീ സന്തോഷ് ആന്റണി	01.04.2016 മുതൽ 31.07.2016 വരെ
	ശ്രീ ദിലീപ് എസ്.	01.08.2016 മുതൽ 31.03.2017 വരെ
മെഡിക്കൽ ഓഫീസർ –പി.എച്ച്.സി.	ഡോ. റൂബിൻ ജോസഫ്	01.04.2016 മുതൽ 06.07.2016 വരെ

	ഡോ. ഹെയ്‌ലിൻ ജേക്കബ്	07.07.2016 മുതൽ 31.03.2017 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി കൊച്ചുറാണി തോമസ്	01.04.2016 മുതൽ 31.03.2017 വരെ
മെഡിക്കൽ ഓഫീസർ – ഹോമിയോ	ഡോ. ഹേമ കെ. കർത്ത	01.04.2016 മുതൽ 31.03.2017 വരെ
മെഡിക്കൽ ഓഫീസർ - ആയുർവേദം	ഡോ. തുളസീഭായ് സി. ആർ.	01.04.2016 മുതൽ 31.03.2017 വരെ
അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി	ശ്രീമതി റജിമോൾ പി. പി.	01.04.2016 മുതൽ 12.01.2017 വരെ
	ശ്രീ ജോഷി ജോസഫ്	16.01.2017 മുതൽ 31.03.2017 വരെ

(ഡി) ഉള്ളടക്കം

ഖണ്ഡിക-നം.	വിഷയം
ഭാഗം 1 -- പൊതു അവലോകനം	
1-1	ഓഡിറ്റ് ലക്ഷ്യം,മാനദണ്ഡം
1-2	ബജറ്റ്
1-3	വാർഷിക ധനകാര്യപത്രിക
1-4	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം
1-5	സാമ്പത്തിക വിശകലനം
1-6	ഫണ്ട് വിനിയോഗം – വിശകലനം
1-7	തനത് വരുമാനം
1-8	പദ്ധതി അവലോകനം
1-9	സാമൂഹ്യക്ഷേമ പദ്ധതികൾ
1-10	ക്യാഷ് വെരിഫിക്കേഷൻ
1-11	ആഭ്യന്തരനിയന്ത്രണ സംവിധാനം+
1-12	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
2-1	വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും
2-2	വസ്തുനികുതി പരിഷ്കരണം- അവലോകനം
2-3	37 ലക്ഷത്തോളം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു
2-4	സ്വകാര്യ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല
2-5	സഹകരണ സംഘങ്ങളുടെ തൊഴിൽ നികുതിയും ഡി & ഓ ലൈസൻസ് ഫീസും ഈടാക്കുന്നില്ല
2-6	വാടക സെക്യൂരിറ്റി നിക്ഷേപം - കണക്കുകളിൽ അവ്യക്തത
2-7	ഇ-ടെൻഡർ - ഫോറവില, ഇ.എം.ഡി എന്നിവ പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചില്ല
2-8	ട്യൂട്ടോറിയിൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല
2-9	നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചില്ല
ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
3-1	മീറ്ററിംഗിനായി വൻ തുക ചെലവഴിച്ചിട്ടും തെരുവ് വിളക്കുകളുടെ കറണ്ട് ചാർജിൽ കുറവ് വന്നിട്ടില്ല
3-2	പത്രപ്പരസ്യം-അധികചെലവ്
3-3	തെരുവ് വിളക്ക് മെയിന്റനൻസ്- പ്രോജക്റ്റ് നടത്തിപ്പിൽ അപാകതകൾ
3-4	ആശ്രയ -പ്രോജക്റ്റുകൾ പ്രവർത്തനം നിലച്ചിരിക്കുന്നു
3-5	ജലനിധി-പദ്ധതി ഇനിയും പൂർത്തിയായിട്ടില്ല
3-6	പാലിയേറ്റീവ് കെയർ പദ്ധതി -രജിസ്റ്ററുകളും രേഖകളും ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു
3-7	ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ-മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല
3-8	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു
3-9	പ്രത്യക ആവശ്യങ്ങൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റ് തുകകൾ ചെലവഴിച്ചില്ല
ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
4-1	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4-2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ
4-3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

4-4	വായ്പ/വായ്പ തിരിച്ചടവ്
4-5	സ്ഥിരനിക്ഷേപങ്ങൾ
4-6	ഓഡിറ്റ് റിക്കവറി
4-7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
4-8	ഓഡിറ്റ് പ്രത്യവലോകനം
4-9	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ
അനുബന്ധം-1	ഓാഡിറ്റ് സാക്ഷ്യപത്രം 2016-17
അനുബന്ധം-2	ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ
അനുബന്ധം-3	ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17
അനുബന്ധം-4	റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ഓാഡിറ്റ് ലക്ഷ്യം,മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, അനുബന്ധമായി സർക്കാർ യഥാസമയം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ, ടി ഉത്തരവാദിത്തങ്ങളും, ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചുവോ, പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നുമായി ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചുവോ, ഇപ്രകാരം ലഭിച്ച വരുമാനം പാഴ്ചെലവില്ലാതെ കൃത്യമായി വിനിയോഗിച്ചോ, ഇപ്രകാരം ശേഖരിക്കുകയും ചെലവഴിക്കുകയും ചെയ്ത തുകകളുടെ കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നിവയുടെ പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി നിജപ്പെടുത്തിയത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വസ്തുനികുതി, തൊഴിൽനികുതി, വാടക, ലേലം, കെട്ടിടനിർമാണപെർമിറ്റുകൾ, മറ്റിനം വരവുകൾ എന്നിവ സംബന്ധിച്ച രേഖകൾ, വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിറ്റ് ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുക എന്നതായിരുന്നു ഓഡിറ്റ് മാനദണ്ഡം. ഓഡിറ്റ് ലക്ഷ്യങ്ങളുടെ പരിശോധനാഫലങ്ങൾ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളായി ചുവടെ ചേർത്ത് അപാകതകളുടെ കാരണം, പരിഹാരനിർദേശം, സ്ഥിതിമെച്ചപ്പെടുത്താനുള്ള ശുപാർശ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

1-2 ബജറ്റ്

2016-17 പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 04.03.2017 തിയതിയിലെ 20(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	ബജറ്റിൽ നിന്നുള്ള വ്യതിയാനം		ശതമാനം (+)/(-)
			കൂടുതൽ	കുറവ്	
മുന്നിരിപ്പ്	6,534,743/-	7,510,598/-	975,855/-	-	(+)14.93
വരവ്	74,984,290/-	37,312,128/-	-	37,672,162/-	(-)50.24
ആകെ	81,519,033/-	44,822,726/-	-	36,696,307/-	(-)45.02
ചെലവ്	79,286,614/-	34,439,588/-	-	44,847,026/-	(-)56.56
നീക്കിയിരിപ്പ്	2,232,419/-	10,383,138/-	8,150,719/-	-	(+)365.11

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണ് എന്ന് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ യഥാർത്ഥത്തിലുള്ള തുകയുടെ ഇരട്ടി തുകയിലും അധികമായി വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാക്കുന്നത് എന്നത് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ്/പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

1-3 വാർഷിക ധനകാര്യ പത്രിക

2016-17 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9(1) വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2017 ആണ്. മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 16.06.2017 ലെ AO-2718/17 നം. കത്ത് പ്രകാരം 19.06.2017 തീയതിയിൽ തപാലിലും ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.

1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2016-17	ഓഡിറ്റ് വേളയിൽ പരിശോധിച്ചു

2016-17 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും ഖണ്ഡിക 2-1 ൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-5 സാമ്പത്തിക വിശകലനം

2016-17 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	7,510,598.53
വരവ്	37,312,128
ആകെ	44,822,726.53
ചെലവ്	34,439,588
നീക്കിയിരിപ്പ്	10,383,138.53

1-6 ഫണ്ട് വിനിയോഗം

മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തിലെ വിവിധയിനം ഫണ്ടുകളുടെ സംസ്ഥാന ബജറ്റിലെ അലോട്ട്മെന്റ്, കൺസോളിഡേറ്റഡ് ഫണ്ടിൽ ലഭ്യമായ അലോട്ട്മെന്റ്, വിവിധ ഫണ്ടുകളുടെ പഞ്ചായത്ത് അക്കൗണ്ടിലൂടെയുള്ള വിനിയോഗം, വർഷാവസാനം സഞ്ചിതനിധിയിലേക്ക് തിരികെപ്പോയ തുക(അലോട്ട്മെന്റ് നീക്കിയിരിപ്പ്) എന്നിവയുടെ വിശദാംശം താഴെ ചേർക്കുന്നു. 2016-17 സംസ്ഥാന ബജറ്റിൽ പഞ്ചായത്ത്രാജ്/ നഗരപാലിക സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുകകളുടെ വിശദാംശം(അനുബന്ധം-4), അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരമുള്ള വിശദാംശമാണ് ചേർത്തിരിക്കുന്നത്. കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവ് വരുന്ന തുക മാത്രമാണ് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്.

ഫണ്ടിനം	ബജറ്റ് അലോട്ട്മെന്റ്	മുൻബാക്കി	2016-17 ൽ ലഭിച്ച അലോട്ട്മെന്റ്	ചെലവ്	ചെലവ് ശതമാനം	അലോട്ട്മെന്റ് നീക്കിയിരിപ്പ്
വികസനഫണ്ട് – പൊതുവിഭാഗം	6,012,000/-	0	7,466,508/-	7,052,640/-	94.46	413,868/-
വികസനഫണ്ട് – എസ്.സി.പി.	1,701,000/-	0	1,701,291/-	990,500/-	58.22	710,790/-
വികസനഫണ്ട് – ടി.എസ്.പി.	72,000/-	0	71,715/-	4,000/-	5.58	67,715/-
സംരക്ഷണഗ്രാന്റ് – റോഡ്	7,822,000/-	0	7,821,732/-	3,057,280/-	39.09	4,764,452/-
സംരക്ഷണഗ്രാന്റ് – നോൺറോഡ്	2,555,000/-	0	2,554,755/-	1,019,636/-	39.91	1,535,119/-
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	3,702,000/-	0	4,187,655/-	1,131,749/-	27.03	3,055,906/-
പെർഫോമൻസ് ഗ്രാന്റ്	-	0	2,194,634/-	0	0	2,194,634/-

പെർഫോമൻസ് ഗ്രാന്റ് സെൻട്രൽ, സ്റ്റേറ്റ് ഇനങ്ങളിലായി യഥാക്രമം 1,618,300/-, 576,334/- രൂപ ഉൾപ്പടെ ആകെ ലഭിച്ച അലോട്ട്മെന്റ് തുകയായ 2,194,634/- രൂപയിൽ തുകയൊന്നും ചെലവഴിച്ചില്ല. സംരക്ഷണഗ്രാന്റ് – റോഡ്, നോൺറോഡ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ തുകകളുടെ ചെലവ്, ലഭിച്ച അലോട്ട്മെന്റിന്റെ 40% ൽ താഴെ മാത്രമാണ്. പൊതുവിഭാഗം വികസന ഫണ്ട് മാത്രമാണ് 90 ശതമാനത്തിൽ അധികം ചെലവഴിച്ചത്. വികസനഫണ്ട് – പൊതുവിഭാഗത്തിൽ 1,454,508/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 485,655/- രൂപയും സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുകയിൽ അധികരിച്ച് അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്.

1-7 തനത് വരുമാനം

വാർഷിക കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 16.58% കുറവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം (2015-16)	തൻവർഷം (2016-17)	വ്യത്യാസം (+)/(-)	ശതമാനം (+)/(-)
നികുതി വരവുകൾ	3,077,406/-	6,044,185/-	(+)2,966,779/-	(+)96.41
നികുതിയേതര വരവുകൾ	755,001/-	1,153,818/-	(+)398,817/-	(+)52.82
മറ്റുവരവുകൾ	5,174,017/-	314,763/-	(-)4,859,254/-	(-)93.91
ആകെ	9,006,424/-	7,512,766/-	(-)1,493,658/-	(-)16.58

രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ ന്യൂനത മൂലവും രേഖകളുടെ അഭാവം മൂലവും തനതുവരുമാനത്തിൽ ഉണ്ടായിട്ടുള്ള ഏറ്റക്കുറച്ചിലുകൾ കൃത്യമായി അപഗ്രഥിക്കാൻ സാധിച്ചിട്ടില്ല.

1-8 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	നടപ്പാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം
133	76	1	56	42.11

2016-17 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ വിവരം,ലഭ്യമായ ഫണ്ടുകളുടെ വിനിയോഗവിവരം എന്നിവ ചുവടെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ	നടപ്പിലാക്കിയവ	പ്രോജക്റ്റുകൾക്കായി വകയിരുത്തിയ തുക	പ്രോജക്റ്റുകൾക്കായുള്ള ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	2	1	236166	159028	67
വെറ്ററിനറി സർജൻ	7	7	1961310	1865310	95
മെഡി.ഓഫീസർ,പി.എച്ച്.സി	1	1	468812	239790	51.7
മെഡി.ഓഫീസർ,ആയുർവേദ	2	2	270000	265610	98
മെഡി.ഓഫീസർ.ഹോമിയോ	1	1	125000	125000	100
വി.ഇ.ഒ.	10	9	6866014	4844214	71
ഐ.സി.ഡി.എസ്.സൂപ്പർവൈസർ	4	4	2694560	2258710	84
സെക്രട്ടറി.	16	15	2689382	2307713	86
അസിസ്റ്റന്റ് എൻജിനീയർ	78	27	15621547	3747351	24
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	350000	350000	100
ഹെഡ് മാസ്റ്റർ,ഗവ.യു.പി.സ്കൂൾ	1	1	200000	200000	100
അസിസ്റ്റന്റ് സെക്രട്ടറി	10	8	1719620	956170	56

അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ പല പ്രോജക്റ്റുകളുടെയും ബില്ലുകൾ ട്രഷറിയിലെ തെരക്ക് മൂലം 2017 മാർച്ച് മാസം 31 ന് ക്യൂവിലായതിനാലാണ് ചെലവ് കുറവായത്.

1-9 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക(രൂപ)	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	83,880/-	51
കർഷകതൊഴിലാളി പെൻഷൻ	1,357,090/-	158
വിധവാപെൻഷൻ	4,736,770/-	424
വാർദ്ധക്യകാലപെൻഷൻ	11,153,230/-	930
വികലാംഗപെൻഷൻ	1,444,625/-	157
50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ	422,870/-	43
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	120,000/-	4

1-10 ക്യാഷ് വെരിഫിക്കേഷൻ

മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2017 തീയതിയിൽ 3:15 പി.എം.-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 8,677/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-11 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിരുന്നു. ഔദ്യോഗികരേഖകളും, രജിസ്റ്ററുകളും മതിയായ വിശദാംശങ്ങൾ ചേർത്ത് ശരിയായി സൂക്ഷിച്ചിട്ടുണ്ട്. ജനറൽകമ്മിറ്റി മിനിറ്റ്സ് ഉൾപ്പടെയുള്ള മിനിറ്റ്സ്ബുക്കുകൾ കൃത്യമായി തയാറാക്കിയിട്ടുണ്ട്. വൗച്ചറുകൾ അനുബന്ധരേഖകളുൾപ്പെടെ മാസക്രമത്തിൽ തരം തിരിച്ച് കെട്ടുകളാക്കി സൂക്ഷിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ നികുതി/നികുതിയേതര വരവിനങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട അപാകതകളും ഓഡിറ്റിന്റെ നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

തൊഴിൽനികുതി : പഞ്ചായത്ത് പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങളുടെയും ട്രയ്ഡേഴ്സിന്റെയും പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ക്രമീകരിക്കേണ്ടതാണ്. സ്ഥാപനം/ ട്രെയ്ഡേഴ്സ് തൊഴിൽ നികുതിയുടെ കൃത്യമായ ഡി.സി.ബി. പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കേണ്ടതാണ്.

ബിൽഡിങ്ങ് പെർമിറ്റ് : രജിസ്റ്ററിൽ പെർമിറ്റിനായി ലഭിക്കുന്ന അപേക്ഷകളുടെ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വരവിന്റെ ആകെത്തുക രജിസ്റ്ററിൽ കണക്കാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പെർമിറ്റ് എടുത്ത എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി നിർണ്ണയിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ ഉതകുന്ന രീതിയിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഡി & ഓ ട്രേഡ് ലൈസൻസ് : പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിലുള്ള ട്രെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. സഞ്ചയ വസ്തുനികുതി മൊഡ്യൂളിലെ അസസ്മെന്റ് പ്രകാരം ഏകദേശം 800 എണ്ണത്തിലധികം കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കപ്പെടുന്നുണ്ട്. എന്നാൽ തൻവർഷം 295 എണ്ണം ലൈസൻസ് മാത്രമാണ് നൽകിയത്. ട്രെയ്ഡേഴ്സ് ലിസ്റ്റ് കൃത്യമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ-വ്യവസായങ്ങളെയും ലൈസൻസ് പധിയിൽ ഉൾപ്പെടുത്തി നടപടികൾ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ക്രമീകരിക്കേണ്ടതാണ്.
പാരാമെഡിക്കൽ/ട്യൂട്ടോറിയൽ രജിസ്ട്രേഷൻ : പഞ്ചായത്ത് പരിധിയിലുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ കൃത്യമായ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എല്ലാ വർഷവും പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ മീറ്ററിംഗ് പൂർത്തിയാക്കിയിട്ടില്ലാത്തതിനാലും,സ്ഥാപിച്ച പല മീറ്ററുകളും പ്രവർത്തിക്കാത്തതിനാലും തെരുവ് വിളക്കുകളുടെ കറന്റ് ചാർജിനത്തിൽ വലിയ തുക ചെലവഴിക്കേണ്ടിവരുന്നു. കറന്റ്ചാർജിനത്തിലെ ചെലവുകൾ നിയന്ത്രിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം 2016-17 ൽ പൊതുവെ മെച്ചപ്പെട്ടിരുന്നു എന്ന് കാണുന്നു.

1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	27.07.2017	06/2017	റിപ്പോർട്ട് ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	11.06.2003 മുതൽ 30.06.2003 വരെ	1997-98 മുതൽ 2002-03 വരെ	No.Spl.Cell(HQ)-I/IA/BA/45/1105/1107 Dated-01.09.2003

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും

മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 2,510,165 രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 61,888,549 രൂപയും ചെലവ് 59,378,384 രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 44,822,726.53 രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 34,439,588 രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 10,383,138.53 രൂപയാണ്. 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 33,004,590.09 രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 23,723,509.26 രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 9,281,080.83 രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.

3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കൃത്യമായി കണക്കാക്കിയിട്ടില്ല. ഭൂമിയുടെ മൂല്യം കാണിക്കുന്ന കണക്ക് ശീർഷകം 31.03.2017-വരെ അക്കൗണ്ട് ചെയ്ത് തുടങ്ങിയിട്ടില്ല.

4) 31.03.2017-ലെ റീക്കൺസിലേഷൻ പത്രികയിൽ ഇഷ്യൂ ചെയ്ത് ദീർഘകാലമായിട്ടും എൻക്യാഷ് ചെയ്യാതെ തനത് ഫണ്ട് ചെക്കിന്റെ മൂല്യം അക്കൗണ്ടിൽ ക്രമീകരിക്കാത്തതായി കാണുന്നു. തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് റീക്കൺസിലേഷനിലെ പ്രസ്തുത ചെക്കിന്റ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം./തീയതി	ചെക്ക് നം./തീയതി	തുക(രൂപ)
1.	21300812/07.03.2014	3111/07.03.2014	676/-
2.	21600437,21600438/18.10.2016	5606/18.10.2016	1,705/-

അക്കൗണ്ടിലെ അപാകത ജേർണൽ വൗച്ചർ ചെയ്ത് ക്രമീകരിക്കേണ്ടതാണ്.
5) 320700404-ശീർഷകത്തിൽ 31.03.2017-ൽ അവശേഷിക്കുന്ന 1,260/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുകയാണ്(ചെക്ക് നം.640495/21.11.2014). ടി ചെക്ക് ബാങ്കിൽ എൻക്യാഷ് ചെയ്യാതെ പോസ്റ്റൽ വകുപ്പിൽ നിന്നും നഷ്ടപ്പെട്ടതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. ബാധ്യതയായി നിലനിൽക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.
6) 340100202-ശീർഷകത്തിൽ 31.03.2017-ൽ അവശേഷിക്കുന്ന 500/- രൂപ 03.03.2010-ൽ ലഭിച്ച Supplier's Security Deposit തുകയാണ്. ഇത്തരത്തിലുള്ള കാലഹരണപ്പെട്ട ഡെപോസിറ്റ് തുകകൾ കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് ചേർക്കേണ്ടതാണ്.
7) 340109901-Other Deposits ശീർഷകത്തിൽ 31.03.2017-ൽ അവശേഷിക്കുന്ന 17,000/- രൂപയുടെ കൃത്യതയും അടവാക്കിയവരുടെ വിശദാംശവും ബന്ധപ്പെട്ട ഡെപോസിറ്റ് രജിസ്റ്ററിൽ വ്യക്തമല്ല.
8) അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 99/2017 നമ്പർ പ്രോജക്ട് പ്രകാരം 96682/- രൂപ ചെലവുണ്ട്. എന്നാൽ ഇത് പദ്ധതി ചെലവുകൾ സംബന്ധിച്ച സുലേഖ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.
പഞ്ചായത്തിന്റെ ധനകാര്യ റിപ്പോർട്ടിങ്ങിലും അക്കൗണ്ടിങ്ങിലും മേൽസൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് ആസ്തികളുടെ വിനിയോഗവും വിനിമയവും സംബന്ധിച്ച വിശദാംശം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2-2 വസ്തുനികുതി പരിഷ്കരണം- അവലോകനം

പഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.
1) 2013-14 വർഷത്തിനു മുൻപുള്ള കുടിശിക ജനറേറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ ഇഷ്യൂ ചെയ്യുന്ന വസ്തുനികുതി ഡിമാന്റ് നോട്ടീസുകളിൽ 2013-14 വർഷത്തിനു മുൻപുള്ള കുടിശികയും ഡിമാന്റ് ചെയ്യുന്നുണ്ട്.
2) സഞ്ചയയിൽ ബേസ് ഡേറ്റാ എൻട്രി പൂർത്തിയായിട്ടുണ്ടെങ്കിലും സാംഖ്യയിലെ കളക്ഷൻ തുകയും സഞ്ചയയിലെ കളക്ഷൻ തുകയും തമ്മിൽ 36,861/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. പ്രസ്തുത വ്യത്യാസം കണ്ടെത്തി അപാകത പരിഹരിക്കേണ്ടതാണ്.
3) വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളോട് ചേർന്നുള്ള ഓഫീസ് കെട്ടിടങ്ങൾക്ക് പ്രത്യേകമായി ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളായി കണക്കാക്കി കൃത്യമായി നികുതി നിർണ്ണയിച്ചിട്ടുണ്ട്.
വസ്തുനികുതി പരിഷ്കരണം അന്തിമമാക്കുന്നതിലേക്കായി ഇതു സംബന്ധിച്ച പഞ്ചായത്ത് വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിച്ച് നടപടികൾ പൂർത്തിയാക്കേണ്ടതാണ്. അരിയർ ഡിമാന്റിലുണ്ടായ വ്യത്യാസം പരിഹരിച്ച് സഞ്ചയ-സാംഖ്യ മാപ്പിങ്ങ് പൂർത്തിയാക്കേണ്ടതാണ്.

2-3 37 ലക്ഷത്തോളം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു

വസ്തുനികുതിയിനത്തിൽ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

കണക്ക് ശീർഷകം	വസ്തുനികുതി ഇനം	തുക (ലൈബ്രറി സെസ് ഉൾപ്പടെ)
431100101	Residential (2016-17)	755,326/-
431100102	Residential (Arrear)	828,085/-
431100103	Non-Residential (2016-17)	720,200/-
431100104	Non-Residential (Arrear)	1,546,487/-
ആകെ		3,850,098/-

വാർഷിക കണക്കുകൾ പ്രകാരം 01.04.2017-ൽ വസ്തുനികുതി കുടിശിക 3,666,759/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട് (3850098-183339(ലൈബ്രറി സെസ്സ്)=3666759). കുടിശിക തുകയിൽ ചതുരശ്ര മീറ്ററിന് ഏറ്റവും ഉയർന്ന നിരക്ക് നിശ്ചയിച്ചിട്ടുള്ള (500/-രൂപ) പഞ്ചായത്ത് പരിധിയിലുള്ള 7 മൊബൈൽ ടവറുകളുടെ നികുതി കൂടി ഉൾപ്പെടുന്നു(ഏകദേശം 10 ലക്ഷം രൂപ). വസ്തുനികുതിയിലെ കുടിശിക 2017-18 വർഷത്തിൽ പൂർണ്ണമായും പിരിച്ചെടുക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2-4 സ്വകാര്യ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

2016-17 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ സ്കൂൾ, ഇൻഷുറൻസ് സർവ്വീസുകൾ, കെട്ടിട പ്ലാൻ തയ്യാറാക്കുന്ന ഏജൻസികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാന്റ് ചെയ്തിട്ടില്ല. ടി സ്ഥാപനങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതി ചുമത്തേണ്ടതായിരുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഏതാനും സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ-നം.	സ്ഥാപനത്തിന്റ പേര്
1.	ജെ.എസ്.ജെ. ഫിനാൻസിയേഴ്സ്, കെ.പി. നായർ സൺസ് ബിൽഡിങ്ങ്,കുരിശുപള്ളി ജംഗ്ഷന് സമീപം, പൈക.
2.	നടുവിലേടത്ത് ഫിനാൻഷ്യൽ എന്റർപ്രൈസസ്, പാംപ്ലാനിയോൽ ബിൽഡിങ്ങ്,പൂവരണി, പൈക.

3.	സെന്റ് മേരീസ് ഇൻവെസ്റ്റ്മെന്റ്സ്, പാംപ്ലാനിയോൽ ബിൽഡിങ്ങ്, പൂവരണി, പൈക.
4.	പ്രഷ്യസ് ഫിനാൻസിയേഴ്സ്, മോലോപ്പറമ്പിൽ ബിൽഡിങ്ങ്, വിളക്കുമരുത്, പൂവരണി.
5.	ശ്രീവിനായക ഫിനാൻസ്, എസ്.എച്ച്. ബിൽഡിങ്ങ്, വിളക്കുമരുത്, പൂവരണി.
6.	ശ്രീഭദ്രാ വിദ്യാനികേതൻ ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്കൂൾ, പൊൻമല ജംഗ്ഷൻ, ഇടമറ്റം.
7.	വാസ്തുകലാക്ഷേത്ര, ട്രഡിഷണൽ ആർക്കിടെക്റ്റ്സ് & എഞ്ചിനീയേഴ്സ്, പൈക.
8.	കെ.എസ്. ആർക്കിടെക്റ്റ്സ്, രജിസ്റ്റേർഡ് കോൺട്രാക്റ്റേഴ്സ് & എഞ്ചിനീയേഴ്സ്, ഇടമറ്റം.
9.	സെവൻസ് ഇന്റർനാഷണൽ ജിംനേഷ്യം, പാലാ-പൊൻകുന്നം റോഡ്, പൈക.
10.	നാഷണൽ ഇൻഷുറൻസ് ഏജൻസി, പൈക- 2 ഏജൻസികൾ
11.	വാഹന ഇൻഷുറൻസ് മെഡി ക്ലെയിം പോളിസി ഏജൻസി, പൈക
12.	ലജൻഡ്സ് അക്കാദമി, പാലാ-പൊൻകുന്നം റോഡ്, പൈക.
13.	LIC പ്രീമിയം പോയിന്റ്, പാലാ-പൊൻകുന്നം റോഡ്, പൈക.
14.	A&B അസോസിയേറ്റ്സ്, പൈക
15.	പാംബ്ലാനിയിൽ എസ്.ജെ. കൺസൾട്ടൻസി(Courier Service & Insurance Services), പൈക

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു. അപാകതയ്ക്കും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/09.08.2017) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ 15 സ്ഥാപനങ്ങളുടെയും അവിടുത്തെ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അടിയന്തിരമായി ഈടാക്കുന്നതാണ് എന്നറിയിച്ചു. മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും അവിടുത്തെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീതുകളുടെ സാക്ഷ്യപ്പടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2-5 സഹകരണ സംഘങ്ങളുടെ തൊഴിൽ നികുതിയും ഡി & ഓ ലൈസൻസ് ഫീസും ഈടാക്കുന്നില്ല

2016-17 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും ഡി & ഓ ലൈസൻസ് ഫീസും ഈടാക്കിയില്ല. ഇത്തരത്തിലുള്ള ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഏതാനും സ്ഥാപനങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

ക്രമ-നം.	സഹകരണ സംഘത്തിന്റ പേര്
1.	പൈക ക്ഷീരോൽപാദക സഹകരണ സംഘം, രജിസ്റ്റർ നം.കെ-199(D) ആപ്കോസ്, പൈക.
2.	മീനച്ചിൽ അഗ്രിക്കൾച്ചർ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, K-1131,പൈക.

ക്രമ നം.1 ക്ഷീരോൽപാദക സഹകരണ സംഘം മുഖേന 2016-17 വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ പഞ്ചായത്തിന്റെ 'ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി' എന്ന പ്രോജക്ട് (പ്രോജക്ട് നം.S0025/2017) നടപ്പാക്കിയിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരമുള്ള പട്ടികയിലെ ഇനം.132 പ്രകാരം പാലിന്റയും പാലുൽപന്നങ്ങളുടെയും സംഭരണം, വിതരണം എന്നിവ നടത്തുന്ന സ്ഥാപനങ്ങൾ ഡി & ഓ ലൈസൻസ് ഡിമാന്റിൽ ഉൾപ്പെടേണ്ടതാണ്. ക്രമ നം.4 -ൽ സൂചിപ്പിച്ചത് പൈക ടൗണിൽ പ്രവർത്തിക്കുന്ന പ്രധാന സഹകരണ സംഘമാണ്.

മേൽപറഞ്ഞ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് 1996-ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളുടെ ലംഘനവും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടവുമാണ്. ഡി & ഓ ലൈസൻസ് എടുക്കാതെ ക്ഷീരോൽപാദക സഹകരണ സംഘം പ്രവർത്തിച്ചതിനാൽ ഡി & ഓ ലൈസൻസ് ഫീസിനത്തിലും പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/09.08.2017) ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. മേൽപറഞ്ഞ സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽ നികുതിയും ഡി & ഓ ലൈസൻസ് ഫീസും ഡിമാന്റ് ചെയ്ത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

2-6 വാടക സെക്യൂരിറ്റി നിക്ഷേപം - കണക്കുകളിൽ അവ്യക്തത

2016-17 വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം പൈക ടൗണിൽ സ്ഥിതിചെയ്യുന്ന ഷോപ്പിങ്ങ് കോംപ്ലെക്സിലെ 15 മുറികളും പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലുള്ള കുടുംബശ്രീ കാന്റീൻ പ്രവർത്തിക്കുന്ന കെട്ടിടമുറിയും ഉൾപ്പടെ 16 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. മുൻവർഷത്തെ കുത്തകക്കാർ തന്നെ കരാർ പുതുക്കി തുടരുകയാണ് ചെയ്യുന്നത്. പഞ്ചായത്ത് ഫണ്ടിലുള്ള കുത്തകക്കാരുടെ വാടക നിക്ഷേപ കണക്കുകളിൽ

അവ്യക്തത നിലനിൽക്കുന്നു. വാടക ഡിമാന്റ് രജിസ്റ്ററിലെ കണക്കുകൾ പ്രകാരം 14 കുത്തകക്കാരിൽ നിന്നും 158,772/- രൂപയാണ് സെക്യൂരിറ്റി നിക്ഷേപം ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്. ഷോപ്പിങ്ങ് കോംപ്ലെക്സ് 4-ാം നം. മുറിയിലെ ജോയ് സെബാസ്റ്റ്യൻ, കുഴിപ്പാല എന്ന കുത്തകക്കാരൻ അടവാക്കിയ സെക്യൂരിറ്റി നിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരമുള്ള 340109901-Rent Depsit കണക്ക് ശീർഷകത്തിൽ 58,578/- രൂപയാണ് വാടക നിക്ഷേപം ഉള്ളതായി കാണുന്നത്. തൻവർഷ ഡെപോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഏതാനും കുത്തകക്കാരുടെ വാടക സെക്യൂരിറ്റി നിക്ഷേപം 340200106-Deposit Received for Halls and Auditoriums എന്ന ശീർഷകത്തിലും അക്കൗണ്ട് ചെയ്തിട്ടുള്ളതായി കാണുന്നു. പ്രസ്തുത ശീർഷകത്തിൽ 31.03.2017-ൽ 144,811/- രൂപ നീക്കിയിരിപ്പുണ്ട്. വാടക സെക്യൂരിറ്റി നിക്ഷേപം കൃത്യമായി അക്കൗണ്ട് ചെയ്യാതെ രണ്ട് ശീർഷകങ്ങളിലായി ഉൾപ്പെടുത്തിയതിനാൽ രജിസ്റ്റർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്ത് ഫണ്ടിലുള്ള വാടക സെക്യൂരിറ്റി നിക്ഷേപം എത്രയാണെന്ന് കൃത്യമായി കണക്കാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. വാടക നടപടിക്രമങ്ങളുടെ ബൈ-ലോയുടെ കരട് മാത്രമാണ് നിലവിൽ തയ്യാറായിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കി വാടക നടപടിക്രമങ്ങൾ ക്രമീകരിക്കേണ്ടതാണ്. പ്രതിമാസ വാടക വർദ്ധനവിന് ആനുപാതികമായി സെക്യൂരിറ്റി നിക്ഷേപത്തുകയും വർദ്ധിപ്പിച്ച് ഈടാക്കേണ്ടതാണ്. വാടക നിക്ഷേപ കണക്കുകളിലെ അപാകത പരിഹരിച്ച് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

2-7 ഇ-ടെൻഡർ - ഫോറവില,ഇ.എം.ഡി എന്നിവ പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചില്ല

2016-17 വർഷം ഇ-ടെൻഡർ ചെയ്ത ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ടെൻഡർ ഫീസ്,ഇ.എം.ഡി എന്നിവ പ്രകാരമുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല.

പ്രോ.നം., പേര്	എസ്റ്റിമേറ്റ് തുക	ടെൻഡറുകളുടെ എണ്ണം	ടെൻഡർ ഫീസ്	ഇ.എം.ഡി
137/17,ഗ്രാമപഞ്ചായത്ത് ഓഫിസ് കെട്ടിടനിർമാണം.	3500000	4	2630.	50000
139/17,ഇടമറ്റം 84ാം നം അങ്കണവാടികെട്ടിടനിർമാണം.	750000.	1	2100	18750

ടെൻഡർ ഫീസുൾപ്പെടെയുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-8 ട്യൂട്ടോറിയിൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല

മീനച്ചിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 2016-17 വർഷം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല. 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയിൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഏതാനും സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം
1.	ഗ്രാമനികേതൻ-സെൽഫ് ഇന്റഗ്രേറ്റഡ് അക്കാദമി, പൈക
2.	ലജൻഡ്സ് അക്കാദമി, പൈക
3.	ഫോക്കസ് അക്കാദമി, ഇടമറ്റം
4.	എക്സലന്റ് ട്യൂഷൻ സെന്റർ, പൈക
5.	സ്റ്റാർനെറ്റ് കമ്പ്യൂട്ടർ സെന്റർ, പൈക

ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നത് മേൽപറഞ്ഞ ചട്ടങ്ങളുടെ ലംഘനമാണ്. രജിസ്ട്രേഷൻ ഫീസിനത്തിലും സ്ഥാപനങ്ങളുടെ തൊഴിൽനികുതിയിനത്തിലും പഞ്ചായത്ത് ഫണ്ടിന് നഷ്ടവും സംഭവിക്കുന്നു. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെയും കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-9 ദുരിതാശ്വാസനിധി രൂപീകരിച്ചില്ല

1994-ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് 166, 177, 254 വകുപ്പുകൾ പ്രകാരവും 2003-ലെ കേരളാപഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും ചട്ടങ്ങളും) പ്രകാരവുമുള്ള ദുരിതാശ്വാസനിധി നാളിതുവരെ മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിയ്ക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിയ്ക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും, ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിയ്ക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും

ദുരിതാശ്വാസനിധി രൂപീകരിയ്ക്കുന്നതിനാവശ്യമായ ധനം സ്വരൂപിയ്ക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 മീറ്ററിംഗിനായി വൻ തുക ചെലവഴിച്ചിട്ടും തെരുവ് വിളക്കുകളുടെ കറണ്ട് ചാർജിൽ കുറവ് വന്നിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തെരുവു വിളക്കുകളുടെ കറണ്ട് ചാർജ് ഇനത്തിൽ കാലങ്ങളായി ഭീമമായ തുകയാണ് നൽകി വരുന്നത്.ഇത് പരിഹരിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പാക്കി. (പ്രോജക്ട് നം എസ്.ഒ141/17) . ടി പദ്ധതിക്ക് 201400 രൂപ ചെവഴിച്ചിട്ടുണ്ട്.ടി തുകയുടെ ചെലവ് സംബന്ധിച്ച് ധനവിനിയോഗ സാക്ഷ്യ പത്രം നൽകണമെന്ന് 07.06.17 ൽ (കത്ത് നം.എ1-1263/16 പ്രകാരം സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർക്ക് (ഇലക്ട്രിക്കൽ സെക്ഷൻ ഭരണങ്ങാനം)) കത്ത് നൽകിയതിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് മീനച്ചിൽ പഞ്ചായത്തിന്റെ ഭരണങ്ങാനം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന എല്ലാ തെരുവ് വിളക്കുകൾക്കും ആട്ടോമാറ്റിക് മീറ്റർ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആട്ടോമാറ്റിക് മീറ്ററുകൾ സ്ഥാപിച്ചിട്ടും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിൽ യാതൊരു കുറവും വന്നിട്ടുള്ളതായികാണുന്നില്ല. 2016 ഏപ്രിൽ മാസം 50041 രൂപയും 2017 മാർച്ച് മാസം 61178 രൂപയാണ് കറണ്ട് ചാർജ് ഇനത്തിൽ പഞ്ചായത്ത് അടവാക്കിയത്. 2017 ജൂലൈമാസം അടവാക്കിയത് 64556 രൂപയും .മീറ്റർ സ്ഥാപിച്ചതിന് ശേഷം കരണ്ട് ചാർജിനത്തിൽ തുക കുറവായിട്ടില്ലന്നു മാത്രമല്ല ,വർദ്ധിച്ചതായും കാണുന്നു. അതായത് 201400 രൂപ ചെലവഴിച്ച് നടപ്പാക്കിയ മീറ്റർ സ്ഥാപിക്കൽ എന്ന പ്രോജക്ട് കൊണ്ട് പഞ്ചായത്തിന് യാതൊരു വിധത്തിലുള്ള പ്രയോജനവും ലഭിച്ചിട്ടില്ല എന്നു വ്യക്തമാകുന്നു. പുതുതായി സ്ഥാപിച്ച മീറ്ററുകളുടെ റീഡിംഗിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ ഉപഭോഗം കണക്കാക്കി ബില്ലുകൾ ലഭ്യമാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതചാർജ് കണക്കാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബി ഭരണങ്ങാനം ഇലക്ട്രിക്കൽ സെക്ഷനുമായി ബന്ധപ്പെട്ട് തെരുവ് വിളക്കുകളുടെ കറണ്ട് ചാർജിനത്തിലുള്ള വർദ്ധനയുടെ ഫലമായി പഞ്ചായത്തിന് ഭീമമായ തുക ഒടുക്കേണ്ടി വരുന്ന സാഹചര്യം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തെരുവ് വിളക്കുകളുടെ കറന്റ് ചാർജിനത്തിലെ ബാധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിച്ചതിന് ശേഷവും കറണ്ട് ചാർജിനത്തിൽ തുക കുറയാത്തത് പഞ്ചായത്ത് അധികൃതർ ഗൗരവമായി കാണേണ്ടതാണ്.

3-2 പത്രപ്പരസ്യം-അധികചെലവ്

പൊതുഭരണ (ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് -ഡി)വകുപ്പ് (അച്ചടിച്ചത്) 01/04 ഐ ആന്റ് പി ആർ, 01-01-04 ലെ ഉത്തരവ്, 21-06-04 ലെ 7441/ഡി-1/04 ഐ ആന്റ് പി ആർ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ, 2കോളം 3cm (8 x 3 = 24sqcm) വലുപ്പത്തിൽ മാത്രമായിരിക്കണം. പരസ്യത്തിന്റെ പൂർണ്ണരൂപം വെബ്സൈറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ 2016-17-ലെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പത്രപരസ്യങ്ങൾ പലതും വലിപ്പം കൂട്ടി നൽകിയതുമൂലം അധികചെലവ് ഉണ്ടായിട്ടുണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു.

ദിനപ്പത്രം	ബിൽവിവരം	പരസ്യത്തിന്റെ വലിപ്പം	നിരക്ക്	തുക
മംഗളം	MDK 169270/2.12.16	8X5=40sqcm	140	5600
,,	MDK/170367/13.1.17	3.8X8=30.4	140	4256
,,	MDK/171074/4.2.17	3.8X7=26.6	140	3724
,,	MDK170830/29.1.17	3.8X8=30.4	140	4256
,,	MDK/171640/20.2.17	3.8X7=26.6	160	4256
,,	MDK/171851/25.2.17	3.8X8=30.4	140	4256
ഇന്ത്യൻ എക്സ്പ്രസ്	667684/KOC/3-17	8X5=40	120	4800
മംഗളം	MDK/172463/10.3.17	3.8X8=30.4	140	4256
,,	MDK/172906/23.3.17	3.8X8=30.4	140	4256

2 കോളം 3 സെ.മീ വലിപ്പത്തിൽ പ്രസിദ്ധീകരിക്കുമ്പോൾ 140രൂപനിരക്കിൽ 3360 രൂപ മാത്രം ചെലവാകുന്നിടത്താണ് കൂടുതൽ തുക പത്രപരസ്യത്തിന് ചെലവഴിച്ചത്.കൂടാതെ വിവിധ ഇനങ്ങളുടെ പരസ്യങ്ങൾ പലദിവസങ്ങളിലായി പ്രസിദ്ധീകരിച്ചതിലൂടെയും അധികചെലവുണ്ടായി.

പത്രപ്പരസ്യങ്ങൾ നൽകുമ്പോൾ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ച് അധിക ചെലവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-3 തെരുവ് വിളക്ക് മെയിന്റനൻസ്- പ്രോജക്റ്റ് നടത്തിപ്പിൽ അപാകതകൾ

പ്രോ.നം -11/2017, നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 250000.(ധനകാര്യകമ്മീഷൻ വിഹിതം)

പ്രോജക്റ്റ് രേഖകൾ പ്രകാരം ചുവടെ ചേർക്കും പ്രകാരമുള്ള ഉപകരണങ്ങൾ ക്വട്ടേഷൻ/ടെന്റർ നടപടികളിലൂടെ വാങ്ങി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ കേടായ സ്ട്രീറ്റ് ലൈറ്റുകൾമാറ്റി പുതിയവ പിടിപ്പിക്കാനാണ് പ്രോജക്റ്റ് ആവിഷ്കരിച്ചിരിക്കുന്നത്.

വാങ്ങുന്ന ഇനം	യൂണിറ്റ് വില	വാങ്ങുന്ന എണ്ണം	പ്രതീക്ഷിത ചെലവ്
18 വാട്ട് CFL	120	1450	174000
അലുമിനിയം വയർ	90	200	18000
ബ്രാസ്സ് ഹോൾഡർ	20	1000	20000
അലുമിനിയം ഷേഡ്	30	1000	30000
റ്റ്യൂബ് ലൈറ്റ് 40 w	40	75	3000
കോപ്പർ ചോക്ക്	160	25	4000
സ്റ്റാർട്ടർ	10	50	500
റ്റ്യൂബ് സൈഡ് ഹോൾഡർ	10	50	500
ആകെ			250000

പ്രോജക്റ്റ് നടത്തിപ്പിനായി ടെന്റർ ക്ഷണിച്ചത് പ്രകാരം 2 ടെന്റർ ലഭിച്ചുവെങ്കിലും ഇ.എം.ഡി ഹാജരാക്കാത്തതിനാൽ ടെന്ററുകൾ നിരസിക്കുകയും 18.2.17 ൽ റീ ടെന്റർ നടത്തുകയും ചെയ്തു. രണ്ട് ടെന്ററുകൾ ലഭിച്ചതിൽ ശ്രീകുമാർ.എസ്.നായർ, വെട്ടുകൽപുറത്ത്, കിഴപറയാർ എന്ന വ്യക്തിയുടെ ടെന്റർ അംഗീകരിച്ച് 13-3-17 ൽ കരാറിൽ ഏർപ്പെട്ടു.

ഫയലുകളിൽ നിന്ന് ലഭ്യമായ വിവരപ്രകാരം 13 വാർഡുകളിലെ കേടായ വൈദ്യുതി ഉപകരണങ്ങൾ നീക്കം ചെയ്ത് പുതിയ എൽ.ഇ.ഡി ബൾബ്(9 വാട്ട്), ഹോൾഡർ, ഷെയ്ഡ്, ഫ്യൂസ്, വയർ എന്നിവ പോസ്റ്റിൽ കയറി സ്ഥാപിച്ചതിന് പണികൂലി ഉൾപ്പെടെ 120 രൂപ വീതം 500 പോസ്റ്റുകൾക്ക് 60000 രൂപ നല്കണമെന്ന് കോൺട്രാക്റ്ററായ ശ്രീകുമാർ.എസ്.നായർ അപേക്ഷ നല്കിയതിൻ പ്രകാരം 31-3-17-ലെ 27/17 നം.ട്രഷറി ബിൽ പ്രകാരം, ആദായനികുതി, നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം എന്നീയിനങ്ങളിൽ 600 രൂ വീതം ആകെ 1200 രൂപ കിഴിവ് ചെയ്ത് 58800 രൂപ ടിയാന് അക്കൗണ്ട് ട്രാൻസ്ഫറായി നല്കി.

പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള (ഉപകരണങ്ങളുടെ വില) ചെലവ് മാത്രമാണ് പ്രോജക്റ്റിൽ വകയിരുത്തിയത്. ലേബർ ചാർജ് വ്യക്തമാക്കിയിട്ടില്ല. കരാറിൽ 350000 രൂപ പ്രോജക്റ്റ് ചെലവ് എന്ന് കാണിച്ചിട്ടുണ്ട് എന്നാൽ പ്രോജക്റ്റിലെ വകയിരുത്തൽ 250000 മാത്രമാണ്.

കോൺട്രാക്റ്റർ നല്കുന്ന പരാതി രജിസ്റ്ററിൽ പരാതി ചേർത്ത് പഞ്ചായത്ത് ആവശ്യപ്പെടുന്ന ലൈറ്റുകളുടെ മെയിന്റനൻസ് നിർവഹിക്കുമെന്ന് കരാറിൽ പറയുന്നുവെങ്കിലും ഇപ്രകാരം പരാതി രജിസ്റ്റർ സൂക്ഷിക്കുകയോ കരാറുകാരന് തകരാർ പരിഹരിക്കേണ്ട ലൈറ്റുകളുടെ വിവരം നല്കുകയോ ചെയ്തിട്ടില്ല.

എത്ര ലൈറ്റുകൾ മെയിന്റനൻസ് നടത്തിയെന്ന കൃത്യമായ കണക്ക് ശരിയായ പരാതി രജിസ്റ്റർ ഇല്ലാത്തിനാൽ പഞ്ചായത്തിൽ ലഭ്യമല്ല. കരാറുകാരൻ പറഞ്ഞ കണക്ക് അംഗീകരിച്ച് തുക നല്കുകയാണുണ്ടായത്.

ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് ഇതിനാവശ്യമായ അനുവാദം ലഭ്യമാക്കിയതിന്റെയോ ബോർഡിന് സൂപ്പർവിഷൻചാർജ് നല്കിയതിന്റെയോ വിവരങ്ങൾ ഇല്ല.

500 പോസ്റ്റുകളിലായി പ്രോജക്റ്റിൽ പ്രതിപാദിച്ചിട്ടില്ലാത്ത 9 വാട്ട് എൽ.ഇ.ഡി ബൾബുകൾ അനുബന്ധ ഉപകരണങ്ങളുൾപ്പെടെ സ്ഥാപിച്ചുവെന്ന കരാറുകാരന്റെ അവകാശം അംഗീകരിച്ച് മാത്രം തുക നല്കി. സി.എഫ്.എൽ, റ്റ്യൂബുകൾ, സോഡിയം വേപ്പർലാമ്പുകൾ തുടങ്ങി വ്യത്യസ്ത ഇനം തെരുവ് വിളക്കുകൾ ഉള്ളപ്പോൾ എൽ.ഇ.ഡി ബൾബുകൾ മാത്രം സ്ഥാപിച്ചതിലൂടെ പ്രോജക്റ്റിന്റെ ലക്ഷ്യം പൂർത്തീകരിക്കാനാവില്ല.

മോണിട്ടറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തവണകളായി തുകനല്കുമെന്ന് കരാറിൽ പറയുന്നുവെങ്കിലും ഇപ്രകാരമൊരു റിപ്പോർട്ടില്ല. ഓഡിറ്റ് സമയത്ത് പഞ്ചായത്ത് മെംബർമാർ മുൻതീയതിവച്ച് എഴുതി നല്കിയ സാക്ഷ്യപത്രങ്ങളാണ് ഹാജരാക്കിയത്.

പ്രോജക്റ്റിൽ പറയുന്ന ഇനം ഉപകരണങ്ങളല്ല സ്ഥാപിച്ചതായി പറയുന്നത്. ഉപയോഗശൂന്യമായിരുന്നവ തിരിച്ച് പഞ്ചായത്തിലെത്തിച്ചിട്ടുമില്ല.

സമഗ്രമായ പ്രോജക്റ്റ് തയാറാക്കി ആയതിൻപ്രകാരം കരാർവച്ച് ശരിയായിമോണിട്ടറിംഗ് നടത്തി പ്രോജക്റ്റ് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടിയിരുന്നു. എന്നാൽ തയ്യാറാക്കിയ പ്രോജക്റ്റും കോൺട്രാക്റ്ററുമായുണ്ടാക്കിയ കരാറും തമ്മിൽ യോജിക്കുന്നില്ല.

11-8-17 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഇത് സംബന്ധിച്ച ചർച്ച നടത്തുകയുണ്ടായി. ജനങ്ങൾക്ക് പരാതിയില്ലാത്തവിധം തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തി നടക്കുന്നതായി ഭരണസമിതി അറിയിച്ചു.

അംഗീകാരം ലഭിച്ച പ്രോജക്റ്റിന്റെ വ്യവസ്ഥകൾ പാലിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നുവെന്ന് ഉദ്യോഗസ്ഥരും ഭരണസമിതിയും ഉറപ്പാക്കേണ്ടതാണ്.

3-4 ആശ്രയ -പ്രോജക്റ്റുകൾ പ്രവർത്തനം നിലച്ചിരിക്കുന്നു

ആശ്രയ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി സി.ഡി.എസ് മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ പേരിൽ എസ്.ബി.റ്റി പൂവരണി ശാഖയിലാരംഭിച്ച അക്കൗണ്ടിൽ 31.3.17 ൽ 1487313 രൂപയും രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായാരംഭിച്ച ഇതേ ബാങ്കിലെ തന്നെ അക്കൗണ്ടിൽ 31.3.17ൽ 213591 രൂപയും ബാക്കിയുണ്ട്.

ഒന്നാംഘട്ടം തുടർ പ്രവർത്തനം സംബന്ധിച്ച പ്രോജക്റ്റ് റിപ്പോർട്ട് കുടുംബശ്രീ ജില്ലാമിഷനിൽ നിന്ന് അംഗീകരിച്ച് ലഭിക്കാത്തതിനാലും ,രണ്ടാം ഘട്ടപ്രവർത്തനത്തിൽ ഭക്ഷണമുൾപ്പെടെയുള്ള ഇനങ്ങളുടെ ചെലവിനുള്ള ചലഞ്ച് ഫണ്ട് തീർന്നതിനാലും പ്രവർത്തനങ്ങൾ നടക്കുന്നില്ല.

ഏറ്റവും ദുർബലവിഭാഗങ്ങൾക്കായുള്ള ടി പ്രോജക്റ്റ് കാര്യക്ഷമമായി നടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

3-5 ജലനിധി-പദ്ധതി ഇനിയും പൂർത്തിയായിട്ടില്ല

മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ ജലനിധി പ്രവർത്തനങ്ങൾ ആരംഭിച്ചത് 2013-14 കാലഘട്ടത്തിലാണ്.പദ്ധതി പൂർത്തീകരണ കാലാവധി 2 വർഷമായിരുന്നു. 25കുടിവെള്ള വിതരണ പ്രോജക്റ്റുകളിലായി നിർമാണപ്രവൃത്തികൾക്ക് 31-3-2017 വരെ 43741071. രൂപ ചെലവഴിച്ചുവെങ്കിലും ഒരു പ്രോജക്റ്റ് മാത്രമാണ് പൂർത്തീകരണ ഘട്ടത്തിലെത്തിയിട്ടുള്ളത്.

സഹായസംഘടനയുടെയും ഗുണഭോക്തൃസമിതികളുടെയും ഊർജിത പരിശ്രമങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.ഭരണസമിതിയുടെ സത്വരശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

3-6 പാലിയേറ്റീവ് കെയർ പദ്ധതി -രജിസ്റ്ററുകളും രേഖകളും ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 35/16-17
അടങ്കൽ – 463812
ചെലവ് – 239790
സ്രോതസ്സ് – വികസന ഫണ്ട്
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി 2016-17 വർഷംആകെ 239790 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ട്രഷറിബിൽ ബുക്ക് പ്രകാരം 03.11.16 ൽ പിൻവലിച്ച 40220 രൂപയുടെയും 24.12.16 ൽ പിൻവലിച്ച 20000 രൂപയുടെയും ചെലവുകൾ സംബന്ധിച്ച രേഖകൾ പരിശോധനക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. കൂടാതെ ക്യാഷ് ബുക്ക്,പാലിയേറ്റീവ് പരിചരണത്തിനായി വീടുകൾ സന്ദർശിക്കുന്നതിന്റെ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ,രോഗികളുടെ വിവരങ്ങൾ , പാലിയേറ്റീവ് മാനേജ് മെന്റെ കമ്മിറ്റി മിനിറ്റ്സ്, എന്റോൾമെന്റെ രജിസ്റ്റർ, വാഹനം ക്വട്ടേഷൻ മുഖേന വാടകക്ക് എടുത്തതിന്റെ വിശദാംശങ്ങൾ ഒന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പാലിയേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട് 2016-17 വർഷം നടത്തിയ ചെലവുകൾ സംബന്ധിച്ച് വിശദമായ പരിശോധന സാദ്ധ്യമായിട്ടില്ല.ഇക്കാരണത്താൽ പ്രോജക്റ്റിനായി ചെലവഴിച്ച 239790 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-7 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ-മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ട് നം -എസ്09/17

അടങ്കൽ - 125000

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ ടി പദ്ധതിപ്രകാരം ആകെ ആടങ്കലിൽ 75000 രൂപ 14.10.16 ലും ബിൽ നം.2 പ്രകാരം 50000 രൂപ 14.03.17 ലും നെഫ്റ്റ് വഴി മാനേജിംഗ് ഡയറക്ടർ ഹോകോ പാതിരപ്പള്ളി എന്ന പേരിൽ അയച്ചു കൊടുത്തിട്ടുണ്ട്. ഇൻവോയിസ് നം.എൽ.എഫ്-1312/06.03.17 പ്രകാരം 75000 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട് .എന്നാൽ 50000 രൂപക്കുള്ള മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-8 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ പൂർത്തീകരണത്തിനായി തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നല്കിയെങ്കിലും പ്രോജക്റ്റുകൾ പൂർത്തീകരിച്ചതിന്റെ/ തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭിച്ചിട്ടില്ല.

1)പ്രോജക്ട് നം - 26/17
വികസനഫണ്ട് -325000

ഗുണഭോക്തൃ വിഹിതം -325000

ആകെ അടങ്കൽ -650000

ഗുണഭോക്താക്കൾ -26

വെറ്റിനറി സർജൻ നടപ്പിലാക്കിയ ടി പ്രോജക്ടിനായി ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ആകെ 650000 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിലായി 325000 രൂപ അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന

പദ്ധതി-കോട്ടയം എന്നപേരിൽ കോട്ടയം ജില്ലാട്രഷറിയിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (അക്കൗണ്ട് നം-780/1400000080) ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പേര് വിവരങ്ങൾ, തുക എന്നിവ കൈമാറുക എന്നതു മാത്രമാണ് മേൽപ്പറഞ്ഞ അക്കൗണ്ടിലേയ്ക്ക് വെറ്റിനറി സർജൻ ചെയ്തിട്ടുള്ളത്. ടി പദ്ധതിയുടെ മറ്റെല്ലാ പ്രവർത്തനങ്ങളും കന്നുകുട്ടി പരിപാലന പദ്ധതി-അസിസ്റ്റന്റ് ഡയറക്ടറാണ് നടപ്പാക്കുന്നത്. പദ്ധതി പൂർത്തീകരണ പത്രിക ലഭ്യമായിട്ടില്ല. ആയതിനാൽ ടി പ്രോജക്ടിനായി ചെലവഴിച്ച 650000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) പ്രോജക്റ്റ് നം .14/2017 പേര് SSA വിഹിതം അടയ്ക്കൽ
അടങ്കൽ 2ലക്ഷം, വികസനഫണ്ട്, പൊതുവിഭാഗം.
ചെലവ്-2 ലക്ഷം
നിർവഹണോദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ
പ്രോജക്റ്റിനായി 2 ലക്ഷം രൂപ 644479/15-11-2016 നം ചെക്ക് പ്രകാരം എസ്.എസ്.എ ,ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് നല്കി.തുക കൈപ്പറ്റിയതിന് രസീത് നല്കിയെങ്കിലും തുകയുടെ വിനിയോഗ വിശദാംശങ്ങൾ ലഭിക്കാത്തതിനാൽ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-9 പ്രത്യേക ആവശ്യങ്ങൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റ് തുകകൾ ചെലവഴിച്ചില്ല

പഞ്ചായത്ത് ഫണ്ടിലേക്ക് പ്രത്യേക ആവശ്യങ്ങൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റ് തുകകൾ ചെലവഴിക്കാത്തതിനാൽ 31.03.2017-ലും പ്രസ്തുത തുകകൾ ബാധ്യതയായി അവശേഷിക്കുന്നു. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള അപ്രകാരം ചെലവഴിക്കാത്ത തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	കണക്ക് ശീർഷകം	തുക ലഭ്യമാക്കിയതിന്റെ ഉദ്ദേശ്യം(കണക്ക് ശീർഷകത്തിന്റെ ലഡ്ജറിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ)	തുക(രൂപ)	തുക ലഭിച്ച വർഷം
1.	320100116	സർവ്വ ശിക്ഷ അഭിയാൻ(ഓഡിറ്റ് വർഷം ലഭിച്ച തുക)	497,041/-	2016-17
2.	320100299	സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നും കളിസ്ഥലങ്ങളുടെ പുനരുദ്ധാരണത്തിന് ലഭിച്ച തുക	280,000/-	മുൻ വർഷങ്ങളിൽ
3.	320200319	ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ലഭിച്ച തുക	505,500/-	മുൻ വർഷങ്ങളിൽ
4.	320400101	അംഗൻവാടി നിർമ്മാണത്തിന് നബാർഡ് ധനസഹായം	25,739/-	മുൻ വർഷങ്ങളിൽ
5.	320900101	2010-11 ൽ നിർമ്മൽ പുരസ്കാരം ലഭിച്ച തുകയിൽ ചെലവഴിക്കാത്ത തുക	30,100/-	2010-11

മേൽപട്ടിക പ്രകാരമുള്ള ക്രമ നം.5 ഒഴികെയുള്ള ഗ്രാന്റ് തുകകളും വിഹിതങ്ങളും പഞ്ചായത്തിന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുകകളിൽ ചെലവഴിച്ച ശേഷം പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന തുകകൾ അവ ലഭ്യമാക്കിയ വകുപ്പ്/ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ചെലവഴിക്കാത്ത ഗ്രാന്റുകൾ യഥാവിധി പ്രോജക്ടുകൾ തയ്യാറാക്കി ചെലവഴിച്ച് പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

പഞ്ചായത്തിന് 2016-17 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശവും 31.03.2017 വരെയുള്ള ഫണ്ട് വിനിയോഗവും ചുവടെ ചേർത്തിരിക്കുന്നു.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച തീയതി	തുക(രൂപ)	പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം.	ചെലവ്	നീക്കിയിരിപ്പ്
കോട്ടയം ജില്ല പഞ്ചായത്ത്	17.03.2017	300,000/-	പാലാക്കാട്ട് ഹോമിയോ ഡിസ്പൻസറി കെട്ടിടം എക്സ്റ്റെൻഷൻ (S0140/17)	23,561/-	276,439/-
കോട്ടയം ജില്ല പഞ്ചായത്ത്	17.03.2017	81,250/-	മാനസികശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ബത്തയും സ്കോളർഷിപ്പും(S0019/17)	45,400/-	35,850/-

സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിമയം മീനച്ചിൽ സബ് ട്രഷറിയിലെ പ്രത്യേക ട്രഷറി അക്കൗണ്ടിലൂടെയാണ് നടത്തുന്നത് (അക്കൗണ്ട് നം.799011400001057). വാർഷിക ധനകാര്യ പത്രികയിലെ 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരം 320700105, 320700205 കണക്ക് ശീർഷകങ്ങളിലാണ് മേൽപട്ടിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ അവശേഷിക്കുന്നത്.

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകയൊന്നും മുൻകൂർ നൽകിയിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ലോൺ അക്കൗണ്ടിന്റെ സ്ക്രോൾ പ്രകാരം ഓഡിറ്റ് വർഷം മീനച്ചിൽ ഭവന പദ്ധതിക്കായുള്ള വായ്പായിനത്തിൽ 2,520,000/- രൂപ വരവുണ്ട്. എന്നാൽ സാംഖ്യയിൽ അക്കൗണ്ട് ചെയ്തപ്പോൾ പ്രസ്തുത വായ്പയുടെ 330500101-Secured Loan from Bank എന്ന കണക്ക് ശീർഷകത്തിൽ 2,360,000/- രൂപയാണ് വരവായി ചേർത്തിട്ടുള്ളത്. അതിനാൽ 31.03.2016 ബാലൻസ് ഷീറ്റിൽ ടി ശീർകത്തിൽ 160,000/- രൂപയുടെ വ്യത്യാസം കാണിക്കുന്നു (യഥാർത്ഥ നീക്കിയിരിപ്പ് തുകയായായ 2,820,000/- രൂപയിൽ 1.6 ലക്ഷം രൂപ കുറച്ച് 2,660,000/- രൂപ). പഞ്ചായത്തിൽ ഇ.എം.എസ്. ഭവന പദ്ധതിക്കായുള്ള 2 ലോണുകളും നിലവിലുണ്ട്. പ്രസ്തുത ഇനത്തിൽ തൻവർഷം തുകയൊന്നും വായ്പ എടുത്തിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	ബാങ്ക്/ ലോൺ അക്കൗണ്ട് നം.	31.03.2017 വരെ വായ്പ എടുത്ത തുക	01.04.2016-ൽ തിരിച്ചടയ്ക്കാൻ തുക	2016-17തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
ഇ.എം.എസ്. ഭവന പദ്ധതി	ജി.ഒ.എം.എസ്.1317/2010/ എൽ.എസ്.ജി.ഡി. തീയതി – 16.04.2010	എസ്.സി.ബി,മീനച്ചിൽ A/C No.1/10.05.2010	2,421,250/-	676,059/-	676,059/- *	-	0
		എസ്.സി.ബി.,പൂവരണി A/C No.1/14.05.2010	2,763,000/-	802,560/-	358,874/- **	-	443,686/-
മീനച്ചിൽ ഭവന പദ്ധതി	ജി.ഒ.എം.എസ്83/2013/ എൽ.എസ്.ജി.ഡി. തീയതി – 11.03.2013	എസ്.സി.ബി.പൂവരണി A/C No.1/10.03.2016	3,340,000/-	8,20,000/-	520,000/-	204,281/-	2,820,000/-

*ഇ.എം.എസ്. ഭവന പദ്ധതി ലോൺ മുതൽ തുക 2016-17 വർഷത്തിൽ തിരിച്ചടവ് നടത്തിയെങ്കിലും ഓഡിറ്റിനായി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ടശേഷം 08.07.2017-ലാണ് ബാങ്കിലെ ലോൺ അക്കൗണ്ടിൽ തിരിച്ചടവായി ചേർത്തത് (സ്ക്രോൾ പ്രകാരം). 2014-15 മുതൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക ലഭിക്കാത്തതിനാൽ പലിശ തുക അടവാക്കിയിട്ടില്ല. ആയതിനാൽ മുതൽ തുക മുഴുവൻ അടവാക്കിയെങ്കിലും ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.

**2016-17 വർഷത്തിൽ തിരിച്ചടച്ച തുക 08.07.2017-ലാണ് ബാങ്കിലെ ലോൺ അക്കൗണ്ടിൽ തിരിച്ചടവായി ചേർത്തത്. 2014-15 മുതൽ പലിശയിനത്തിലുള്ള തുക സർക്കാരിൽ നിന്നും തുക ലഭിക്കാത്തതിനാൽ അടവാക്കിയിട്ടില്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക ധനകാര്യ പത്രികയിലെ 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

പഞ്ചായത്ത് ഫണ്ടിലേക്ക് ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	37,312,128/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	34,439,588/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1,139,790/-

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക(രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

3-6	239,790/-	ഡോ. ഹെയ്‌ലിൻ ജേക്കബ്, മെഡിക്കൽ ഓഫീസർ –പി.എച്ച്.സി.
3-7	50,000/-	ഡോ. ഹേമ കെ. കർത്ത, മെഡിക്കൽ ഓഫീസർ – ഹോമിയോ
3-8	650,000/-	ഡോ. സുധീർ പി. എസ്., വെറ്ററിനറി സർജൻ
	200,000/-	ശ്രീ ജോർജ് തോമസ്, ഹെഡ്മാസ്റ്റർ
ആകെ	1,139,790/-	

<u>(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

വരവ്, ചെലവ് ഇനങ്ങളിൽ നഷ്ടം ഇല്ല

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്ക്സ്
1997-98(ചെലവ്)	നം.കെ.എസ്.എ-കെ.ടി.എം.പി.7/1417/ 15/16.4.16	1	
1997-98(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/141/03/5.6.03/8.7.03	--	
1998-99 ചെലവ്	നം.കെ.എസ്.എ-കെ.ടി.എം.പി.7/1418/15/16.4.16	3	
1998-99	നം.എൽ.എഫ്.കെ.പി.7/142/03/15.3.05/5.4.05	3	
1999-2000	നം.കെ.എസ്.എ-കെ.ടി.എം.പി.7/1299/15/16.4.16	3	
1999-02 plan	നം.എൽ.എഫ്.കെ.പി.7/671/03/24.11.04/8.12.04	--	
2000-01	നം.എൽ.എഫ്.കെ.പി.5/190/E6/11	--	
2001-02	നം.എൽ.എഫ്.കെ.പി.5/1094/07/3.7.09	1	
2002-03 ചെലവ്	നം.എൽ.എഫ്.കെ.പി.7/183/05/3.7.09	4	
2002-03 വരവ്	നം.എൽ.എഫ്.കെ.പി.1/190/ADL/E6/11	1	
2003-04	നം.എൽ.എഫ്.കെ.പി.7/1153/11/7.8.12	1	
2004-05	നം.എൽ.എഫ്.കെ.പി.7/1154/11/1.6.12/7.8.12	5	
2006-0 7	നം.എൽ.എഫ്.കെ.പി.7/659/13/8.2.13/11.6.13	8	
2007-08	നം.എൽ.എഫ്.കെ.പി.7/660/12/7.6.13/11.6.13	4	
2008-09	നം.എൽ.എഫ്.കെ.പി.7/284/14/27.8.16	3	
2009-10	നം.എൽ.എഫ്.കെ.പി.7/285/16/10.5.16		
2010-11, 11-12	നം.കെ.എസ്.എ-കെ.ടി.എം.പി.7/569/14/23.3.15	18	
2012-13	നം.കെ.എസ്.എ-കെ.ടി.എം.പി.7/1161/ 15/30.9.15	13	
2013-14,2014-15	നം.കെ.എസ്.എ-കെ.ടി.എം.പി.7 /606/2016/23.5.16	--	
2015-16	നം.കെ.എസ്.എ-കെ.ടി.എം.പി7-1842/2016/20.07.2017	23	

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സാക്ഷ്യപത്രം 2016-17</u>

നം.കെ.എസ്.എ.-കെ.ടി.എം.പി7-1337/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 17.08.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **മീനച്ചിൽ** ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മീനച്ചിൽ** ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം